Malappuram District Police

# 30.07.2017 പെരിന്തൽമണ്ണ

കഞ്ചാവ് മൊത്ത വിതരണ കേസിൽ ജാമ്യത്തിലിറങ്ങിയ വീട്ടമ്മ കഞ്ചാവുമായി വീണ്ടും പിടിയിൽ. കൊല്ലം അഞ്ചൽ സ്വദേശി താളിക്കല്ലിൽ ജുബൈരിയ (50)യെയാണ് 1.7 കിലോ കഞ്ചാവുമായി പെരിന്തൽമണ്ണയിൽ പ്രത്യക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. പെരിന്തൽമണ്ണ കെഎസ്ആർടിസി ബസ്സ്റ്റാന്റിൽ വച്ച് അറസ്റ്റ് ചെയ്ത ഇവരുടെ ബാഗിൽ നിന്നാണ് പോലീസ് സംഘം കഞ്ചാവ് പിടിച്ചെടുത്തത്. തേനി ജില്ലകളിലെ ഉൾനാടൻ ഊരുകളിൽ താമസിച്ച് കുറഞ്ഞ വിലക്ക് കഞ്ചാവ് വാങ്ങി തിരിച്ചറിയാത്തവിധം പാക്കറ്റുകളിലാക്കി ബാഗിൽ നിറച്ച് ബസിൽ കേരളത്തിലെത്തിച്ച് വിൽപന നടത്തുകയാണ് ഇവരുടെ രീതി. വനിത ഏജന്റുമാർ മുഖേന കമ്പം, തേനി ഭാഗങ്ങളിൽ നിന്ന് മലപ്പുറം അടക്കമുള്ള ജില്ലകളിൽ കഞ്ചാവ് എത്തുന്നതായുള്ള സുചനയെ തുടർന്നുള്ള അന്വേഷണത്തിലാണ് ജുബൈരിയ പിടിയിലായത്. ചെറുകിട വിൽപനക്കാർക്ക് പ്രത്യേക ഏജന്റുമാർ മുഖേനയാണ് ഇവർ കഞ്ചാവ് വിൽക്കുന്നത്. അതിനാൽ, മൊത്ത വിതരണം നടത്തുന്ന ജുബൈരിയയെ പെട്ടെന്ന് തിരിച്ചറിയാറില്ല. ഇവരെ പോലെ നിരവധി വനിത ഏജന്റുമാർ രംഗത്തുണ്ടെന്നാണ് സൂചന. 2012 ൽ ഒതുക്കുങ്ങലിൽ ഇവരെയും മകൻ സുൽഫിക്കറിനേയും മുന്ന് കിലോ കഞ്ചാവുമായി പോലീസ് പിടികൂടിയിരുന്നു. ആ കേസിൽ ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങി വീണ്ടും കഞ്ചാവ് വിൽപന നടത്തുകയാണെന്നാണ് വിവരം ലഭിച്ചത്. ഇവരുടെ ഭർത്താവ് റാഫി കഞ്ചാവ് കേസിൽ ജയിലിലാണ്. ഇവരെ കോടതിയിൽ ഹാജരാക്കി. ഡിവൈഎസ്പി എം.പി. മോഹനചന്ദ്രൻ, സി.ഐ സാജു കെ എബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള എസ്ഐ ടി.എസ് ബിനു, ഷാഡോ പോലീസിലെ സി.പി മുരീധരൻ, പി.എൻ മോഹന കൃഷ്ണൻ, മനോജ്കുമാർ, അനീഷ് ചാക്കോ, കൃഷ്ണകുമാർ, അജീഷ്, ദിനേഷ്, അനീഷ്, ജയമണി, രാജേഷ് രവി എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.